യാലും മറ്റു ചില സമുദായങ്ങൾക്ക് അതു കിട്ടീട്ടില്ലെന്നും കാണാവുന്നതാണ്. എത്രയൊക്കെ ദേശീയത്വം പ്രസംഗിച്ചാലും എഫിഷൻസി വാദം കൊണ്ടുവന്നാലും സമുദായപ്രാതിനിധ്യവാദം നടപ്പിൽ വരാതിരിക്കയില്ല. അങ്ങേ അറ്റത്തെ ദേശീയവാദിയായിരുന്ന മഹാത്മാഗാന്ധി ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു സമുദായപ്രാതിനിധ്യതത്വം സ്വീകരിക്കാതെ, സമുദായസൌഹാർദ്ദം ഉണ്ടാകാതെ ഇനി ഒരടി മുന്നോട്ടുവെയ്ക്കാൻ സാധിക്കയില്ലെന്ന് സമ്മതിച്ചിരിക്കുന്നു. അദ്ദേഹം അങ്ങിനെ പറയുമ്പോൾ, ഇൻഡ്യയിലെ സമുദായസംഘടന സമുദായനീതിക്കുവേണ്ടി വാദിക്കുമ്പോൾ, സ്വാഭാവദേശീയക്കാർക്ക് അതിനെ എതിർക്കാൻ സാധിക്കയില്ല. മഹാത്മാഗാന്ധിയുടെ ആദർശങ്ങളെ അതേവഴി പകർത്തിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്ന കൊച്ചിയിലെ ചൊള്ളി റിഷ്യൻസ് ആശാൻ പറയുന്നതിനെ ഇരുകൈയ്യും നീട്ടി എങ്കിലും സമ്മതിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. വിശാലഹൃദയന്മാരും എഫിഷ്യൻസിയുള്ളവരും ഒരു സമുദായത്തിലും ഇടുങ്ങിയ മനസ്ഥിതിയുള്ളവരും മറ്റെന്തായാലും മറ്റൊരു സമുദായത്തിലുമാണെന്നു പറഞ്ഞാൽ ഈ കാലത്തു സമ്മതിക്കുവാൻ നിവൃത്തിയില്ല. ഓരോ സമുദായത്തിൽ പെട്ടവരും ദേശീയതത്ത്വത്തിന്നായാലും സമുദായപ്രാതിനിധ്യത്തിന്നായാലും അവരവരുടെ ശ്രേഷ്ഠിനുവേണ്ടിയാണ് വാസ്തവത്തിൽ വാദിക്കുന്നതു്. അതിൽ ഏതു വാദമാണ് ന്യായമായിട്ടുള്ളതു് എന്നേ നോക്കാനുള്ളൂ. സമുദായപ്രാതിനിധ്യതത്വമടിസ്ഥാനപ്പെടുത്തി നടത്തീട്ടുള്ള നിയമനങ്ങൾ നോക്കിയാൽ അതുകൊണ്ടും സർവ്വീസിൽ ചെന്നവർ ജാതി നോക്കീട്ടല്ല പെരുമാറീട്ടുള്ളതെന്നു കാണാം. അതുകൊണ്ടു ഓരോ ജാതിക്കാരിൽനിന്നും സമുദായപ്രാതിനിധ്യതത്വമനുസരിച്ച് എഫിഷ്യൻസിക്കു കുറവുവരാതെ ക്ലിപ്തയോഗ്യതയുള്ളവരെ നിയമിച്ചാൽ എഫിഷ്യൻസിക്കു ഒരു ഹാനിയും വരാനില്ല. ഈ സംഗതി എല്ലാപേക്കുമറിയാമെങ്കിലും അതു ചിലർ പുറമെ സമ്മതിക്കുന്നില്ലെന്നേയുള്ളൂ. മിസ്റ്റർ സേലം കളിയാക്കുകയുണ്ടായി. എന്നാൽ പ്രാതിനിധ്യം കിട്ടാത്ത സമുദായങ്ങൾക്കു ഇപ്പോൾ പരിഹാസ്യം സഹിക്കേണ്ടതേയുള്ളൂ. പണ്ടു് അവർ എത്ര അകലെ നില്ക്കേണ്ടിയിരുന്നു.

ഈ നിയമസഭയെ സംബന്ധിച്ചു പറയുകയാണെങ്കിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു ഈ നിയമസഭയോടും ഗവർമ്മെണ്ടിനോടും വളരെ നന്ദിയാണുള്ളതു്. അന്യായമായ നില ഈ നിയമസഭ ഈ കാര്യത്തിലെടുത്തിട്ടില്ല. ഒരുവിധം നീതി എല്ലാസമുദായങ്ങൾക്കും ചെയ്യണമെന്ന ഒരു മനഃസ്ഥിതിയാണു് ഈ സഭ കാണിച്ചിട്ടുള്ളതു്. അതുകൊണ്ടു രാജ്യത്തുള്ള സ്വസ്ഥത കുറച്ചൊന്നുമല്ല. സമുദായങ്ങൾ തമ്മിലുള്ള അടുപ്പവും രഞ്ജിപ്പും കുറച്ചല്ല. ഇതു നിഷ്പക്ഷതയിൽനിന്നുകൊണ്ടുപോകാനാണു് നാം ശ്രമിക്കേണ്ടതു്. ഒരു കാലത്തു സമുദായപ്രാതിനിധ്യത്തിന്റെ ആവശ്യംതന്നെ ഇല്ലാതെയാകാം. എന്നാൽ ഇപ്പോൾ വളരെ അകന്നുനില്ക്കുന്ന സമുദായങ്ങൾ പെട്ടെന്നു് അടുക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

ബില്ലിന്റെ പ്രായോഗികതയെപ്പറ്റി എനിക്കു ബലമായ സംശയമുണ്ടു്. മിസ്റ്റർ സേലം പറഞ്ഞതുപോലെ അവതാരകന്റെ ഉദ്ദേശത്തോടടുക്കുടി ഞാനും ബലമായി യോജിക്കുന്നു. സമുദായപ്രാതിനിധ്യത്തിൽ ഞാൻ അങ്ങേ അറ്റംവരെ വാദിക്കുന്ന ആളാണു്. എന്നാൽ സമുദായപ്രാതിനിധ്യത്തിനുവേണ്ടി വാദിച്ചാൽ മാത്രം പോരാ അതു കിട്ടുകതന്നെ വേണം. നമ്മുടെ രൂപയ്ക്കു മേലുള്ള ഉദ്യോഗനിയമനങ്ങൾ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പ്രൊപ്പോർഷൻ അനുസരിച്ചു വേണമെന്നു സ്റ്റാറൂട്ട് വെച്ചാൽ, എന്റെ നോട്ടം തെ

LIBRARY ARCHIVES Kerala Legislative Assembly

റാകാം, ചില വിഷമങ്ങൾ ഉണ്ടെന്നു തോന്നുന്നുണ്ട്. ഞാൻ ബില്ലിനെ എതിർക്കുകയല്ല ചെയ്യുന്നതു്. എന്നാൽ മിസ്റ്റർ സേലം പറഞ്ഞതുപോലെ കായ്മം ഗവൺമെണ്ടിന്റെ യുക്തംപോലെ, നാടുവാഴുന്ന താഴെയുള്ള പ്രാതിനിധ്യവ്യവസ്ഥയനുസരിച്ചു ശരിക്കു പങ്കിടാൻ അനുവദിച്ചിട്ടുള്ള ഗവൺമെണ്ടിനുതന്നെ വിടുന്നതല്ലെ നല്ലതെന്നു സംശയം തോന്നുന്നു. അതുകൊണ്ടു് ഈ ബിൽ അത്യാവശ്യമാണെന്നല്ല ഞാൻ പറയുന്നതു്. ബില്ലിന്റെ അവതരണംകൊണ്ടു ഇപ്പോൾ പല അഭിപ്രായങ്ങളും അറിയുവാൻ കഴിഞ്ഞു. എന്റെ സ്നേഹിതൻ മിസ്റ്റർ മത്തായി ശക്തിയായി ബില്ലിനെ അനുകൂലിച്ചു. അദ്ദേഹം ഇതുവരെ സമുദായപ്രാതിനിധ്യതത്വത്തിനു വളരെ വിരോധമായിരുന്നപക്ഷം ഇന്നു വളരെ അനുകൂലിയാണെന്നു് അറിയുന്നതിനു കഴിഞ്ഞിട്ടുണ്ടു്. ഈ ബിൽകൊണ്ടു വേറെ പ്രയോജനമൊന്നുമുണ്ടായില്ലെങ്കിൽ തന്നെ ഒരു മാനസപരിവർത്തനം മിസ്റ്റർ മത്തായിക്കു വരുത്തിയെന്നുള്ളതു വലിയൊരു കായ്മമാണു്. അദ്ദേഹം വലിയൊരു പ്രസംഗം ചെയ്തു. അദ്ദേഹത്തിന്റെ ആവേശജനകമായ പ്രസംഗത്തിൽ അദ്ദേഹം ഇതിനെ എതിർക്കുന്നതു "ഞങ്ങളുടെ സമുദായത്തിനു ദോഷമാണെന്നുള്ളതുകൊണ്ടാണെ"ന്നു് അദ്ദേഹം സമ്മതിക്കുകയുണ്ടായി. ഇതു ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പറുടെ വലിയൊരു വിജയമാണു്. എതായാലും ഞാൻ ഈ ബില്ലിനെ എതിർക്കുന്നില്ല.

മിസ്റ്റർ വി. ജെ. മത്തായി: എതിർക്കുന്നില്ലെങ്കിൽ അനുകൂലിക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: മഹാബുദ്ധിമാനായ പ്ലാന്റേഴ്സു് മെമ്പറോടു പറഞ്ഞുകൊടുക്കാതെതന്നെ ഇതു ഊഹിക്കാൻ സാധിക്കും. എങ്ങിനെയായാലും സമുദായങ്ങൾ തമ്മിൽ വഴക്കില്ലാതിരുന്നാൽ മതി. കൊച്ചി രാജ്യത്തെ സ്ഥിതി മറ്റുള്ളവർക്കു് അസൂയാർഹമായ ഒന്നാണു്. ഞാൻ ഈ കൌൺസിലിൽ വന്നതിനുശേഷം ചരിത്രപരമായ കാരണങ്ങളാൽ വളരെ കാലമായി അമിതാവകാശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സമുദായക്കാരിൽനിന്നുതന്നെ സമുദായപ്രാതിനിധ്യകായ്മത്തിൽ എതിരല്ല അനുകൂലനിലയാണു കണ്ടിട്ടുള്ളതു്. ഗവൺമെണ്ടും ഈ കായ്മത്തിൽ അനുഭാവപൂർവ്വമായ ഒരു നിലയാണം സ്വീകരിച്ചിട്ടുള്ളതു്.

ഇനി മിസ്റ്റർ മത്തായിയോടു എനിക്കു് ഒന്നു പറയാനുണ്ടു്. ഉദ്യോഗത്തിൽ ആരിരുന്നാലെന്താണു്? കുസ്തുനായാലും നായരായാലും ഈഴവനായാലും യാതൊരു തരക്കേടുമില്ല. യോഗ്യതയില്ലാത്തവരെ നിയമിക്കുന്നുണ്ടോ എന്നാണു നോക്കേണ്ടതു്. സമുദായപ്രാതിനിധ്യം നോക്കിയല്ല ഈ രാജ്യത്തെ വലിയ നിയമനങ്ങൾ നടന്നിട്ടുള്ളതു്. എന്നാൽ എഫിഷ്യൻസി നോക്കിയാണു് ആ നിയമനങ്ങൾ നടത്തീട്ടുള്ളതെന്നു നെഞ്ചത്തു കൈവെച്ചുകൊണ്ടു പറയാൻ ഈ സഭയിലെ മെമ്പറന്മാർക്കു സാധിക്കുമൊ? സമുദായപ്രാതിനിധ്യവ്യവസ്ഥയനുസരിച്ചാണെങ്കിൽ അങ്ങിനെയുള്ള നിയമനങ്ങൾ കായ്മക്ഷമത നോക്കിയേ നടത്തുകയുള്ളൂ. അല്ലാതെ നടത്തീട്ടുള്ള നിയമനങ്ങൾ യോഗ്യത നോക്കിയല്ല നടന്നിട്ടുള്ളതെന്നതിനു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഞാൻ പറയാതെതന്നെ നിങ്ങൾക്കു അറിയാവുന്നതാണു്. അതുകൊണ്ടു ഇതിനെതിരു പറയുന്നവരോടു എനിക്കു പറയാനുള്ളതു് ഞങ്ങൾ വാദിക്കുന്ന കായ്മം സാധിച്ചില്ലെന്നുവരാം. ഞങ്ങളുടെ വാദം ന്യായമാണെങ്കിലും ഞങ്ങൾ അതിൽ പരാജയപ്പെട്ടുപോകുകിൽ അതു ഞങ്ങൾക്കു ശക്തിയില്ലാതെ അടങ്ങുന്നുവെന്നല്ലാതെ നിങ്ങളുടെ വേദാന്തം കേട്ടു അടങ്ങിയിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണെന്ന തെറ്റിദ്ധരിക്കേണ്ട എന്നാണ്. നമ്പൂതിരി പറയുന്നതു നായക്കുപ്പ മാണം എന്ന കാലമൊക്കെ പൊയ്പോയി ഇതെല്ലാവരുടേയും കാലമാണ്. വിദ്യാഭ്യാസ പ്രചാരംകൊണ്ട് സമുദായക്കാരും ഈ വക സംഗതികളെ സ്വാതന്ത്ര്യമായി ചിന്തിക്കാൻ ശക്തരായിട്ടുണ്ട്. ഇനി ആരുടേയും കണ്ണിൽ മണ്ണിടാൻ വിചാരിക്കേണ്ട. ശക്തിയെ ശക്തികൊണ്ടു നേരിടുന്നതായിരിക്കും ഇനി മേൽനാട്ടുള്ള ഗതി എന്നു നിങ്ങളാലോചിക്കണം. അതുകൊണ്ടു ഒരു കാര്യംകൊണ്ടും ഈ ബില്ലിന്റെ തത്വത്തെ എതിർക്കാൻ പാടില്ല.

ഈ ബില്ലിന്റെ അവതാരകനോടു എനിക്കു പറയാനുള്ളതു് ഇതിന്റെ പ്രായോഗികതയിൽ സംശയമുള്ളതുകൊണ്ടു് ഈ ബിൽ പ്രസ്സു ചെയ്യണോ വേണ്ടയോ എന്ന കാര്യം ഒന്നുകൂടി ആലോചിക്കണമെന്നാണ്. എതായാലും ബില്ലിന്റെ അവതരണംകൊണ്ടു വലിയ പ്രയോജനമുണ്ടായിട്ടുണ്ട്. നിയമസഭയുടെ ഈ കാര്യത്തിലുള്ള അഭിപ്രായം പല പ്രാസംഗികന്മാരുടെ പ്രസംഗത്തിൽനിന്നും ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഉപകരിച്ചിട്ടുണ്ട്. നൂറു രൂപയ്ക്കുമേലുള്ള ഉദ്യോഗങ്ങളുടെ നിയമനങ്ങളിലും സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ തത്വം ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുണ്ട്.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ടു് സർ, ഇതിനെക്കുറിച്ചു ഞാൻ ഒന്നും പറയണമെന്നു വിചാരിച്ചിരുന്നില്ല. ബഹുമാനപ്പെട്ട കണ്ണയന്നൂർ ഈഴവ മെമ്പരുടെ പ്രസംഗം കഴിഞ്ഞപ്പോൾ എന്റെ നാട്ടിലെ ഒരു പഴയ കഥയെപ്പറ്റിയാണു് ഓർമ്മവന്നതു്. അതു ഒരു ചെരുപ്പുകുത്തിയുടേയും അവന്റെ ഭാര്യയുടേയും കഥയാണു്. ആരെങ്കിലും വിരുന്നുകാർ അവരുടെ വീട്ടിൽ ചെന്നാൽ അവരെ പറഞ്ഞയക്കുന്നതിനു അവർക്കു ഒരു സൂത്രമുണ്ടു്. ചെരുപ്പുകുത്തി ഭാര്യയെ അടിക്കും ഉടനെ കരച്ചിലും ബഹളമുമാകും. വിരുന്നുകാർ ഇതുകണ്ടു തിരിച്ചുപോകുകയും ചെയ്യും. കൊട്ടങ്ങല്ലൂർ, കണ്ണയന്നൂർ, മട്ടാഞ്ചേരി എന്നിവിടങ്ങളിലെ മെമ്പർമാർ തമ്മിൽ ഇവിടെ വെച്ചു വഴക്കു കൂട്ടുന്നവരാണെന്നും വടക്കുനിന്നു വരുന്ന ഞങ്ങൾ വിരുന്നുകാരാണെന്നുമാണു് ഞാൻ ഇതുവരെ വിചാരിച്ചിരുന്നതു്. എന്നാൽ അവരെല്ലാവരും ഇപ്പോൾ ഒന്നായി, ജാതിമതവ്യത്യാസങ്ങളില്ലാതെ ഒന്നായി കാണുന്നുണ്ടു്. ഞാൻ ഈ ബില്ലിന്റെ തത്വത്തെ ഏതായാലും അനുകൂലിക്കുന്നു. എന്നാൽ അതിനു ചില ഭേദഗതികളും കൊണ്ടുവരണമെന്നാണു് വിചാരിക്കുന്നതു്. ആ ഭേദഗതി കണ്ണയന്നൂർ ഈഴവ മെമ്പരുടെ സമുദായ പ്രാതിനിധ്യവാദവും ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പരുടെ എഫിഷ്യൻസി വാദവും വകവെച്ചു കൊടുക്കത്തക്കവിധത്തിലുള്ള ഒന്നാണു്. ആ ഭേദഗതി ൨൦൦ രൂപക്കുമേലുള്ള ഉദ്യോഗങ്ങളും തലപ്പിള്ളി, ചിറവർ എന്നീ താലൂക്കുകൾക്കായി—മറ്റു താലൂക്കുകളും കൊടുക്കാതെ—സമുദായ പ്രാതിനിധ്യത്തിനു ഭംഗം വരാതെ എഫിഷ്യൻസിക്കും തരക്കേടില്ലാതെ കൊടുക്കേണമെന്നുള്ളതാണു്. ൨൦൦ രൂപക്കുമേൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ചിറവർ താലൂക്കിൽനിന്നു ആരുമില്ല. ബഹുമാനപ്പെട്ട മന്ത്രി അവിടത്തുകാരനാണെങ്കിലും അദ്ദേഹം സർക്കാരുദ്യോഗസ്ഥനല്ല. ഞാനും, തലപ്പിള്ളി താലൂക്കിലെ മറ്റു മെമ്പർമാരും, തലപ്പിള്ളി താലൂക്കിൽ ജനിച്ചു വളർന്നതല്ലാത്ത ചെറുതുരുത്തി മെമ്പരും ഉൾപ്പെടെ നാലു പേരുംകൂടി ഈ തത്വത്തെ അസ്സൽമോക്കി ഉദ്യോഗ നിയമനങ്ങൾ നടത്തണമെന്നു ഒരു ഹജ്ജി ഗവണ്മെണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ട്. സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ രീതിതന്നെ ഭേദഗതി ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു്. വിദ്യാഭ്യാസത്തിൽ ചില സമുദായങ്ങൾ പിന്നോക്കം നില്ക്കുന്നതു് മറ്റു ചില പരിതസ്ഥിതിയിൽ അവർക്കുണ്ടായിട്ടുള്ള അവശതകൊണ്ടാണു്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെത്തന്നെ ചില താലൂക്കുകളിലും വിദ്യാഭ്യാസത്തിന്റെ സൌകര്യക്കുറവുകൊണ്ടും നിമിത്തം പിന്നിലായിപ്പോയി. സമുദായ പ്രാതിനിധ്യത്തെ സംബന്ധിച്ചു വാദിക്കുന്നതു് അവരുടെ ജനസംഖ്യ അനുസരിച്ചാണു്. ആ തോതനുസരിച്ചുതന്നെ ഓരോ താലൂക്കിലുമുള്ള അതാതു സമുദായങ്ങൾക്കു കിട്ടേണ്ട ഉദ്യോഗങ്ങൾ കൊടുക്കണമെന്നാണു് പറയുന്നതു്. അതാതു താലൂക്കിൽ യോഗ്യതയുള്ളവർക്കു കൊടുക്കണമെന്നെ പറയുന്നുള്ളൂ.

ഈ ബിൽ പാസ്സാക്കണമെന്നഭ്യർത്ഥിക്കുന്ന മെമ്പർ ഉൾപ്പെട്ട സമുദായക്കാർ ലോകത്തിലെ മുസ്ലീം ജനങ്ങളെല്ലാം ഒരേ ജാതിയിൽ പെട്ടവരാണെന്നു് വിശ്വസിക്കുന്നവരാണു്. അങ്ങിനെയുള്ള സമുദായത്തിൽപെട്ട മെമ്പർ കൊച്ചിരാജ്യത്തെ മുസ്ലീം ജനങ്ങളെല്ലാമെങ്കിലും ഒരേ ജാതിയിൽ പെട്ടവരാണെന്നു വിചാരിക്കുമെന്നും അതുകൊണ്ടു് തലപ്പിള്ളി താലൂക്കിലെ മുസ്ലീമങ്ങൾക്കു് ഉദ്യോഗം വേർതിരിച്ചു കൊടുക്കുന്ന കാര്യത്തിൽ വിരോധിയാകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹീം: അതിൽ കൊടുങ്ങല്ലൂർ താലൂക്കിലെ മുസ്ലീമങ്ങളെക്കൂടി ഉൾപ്പെടുത്താമോ?

മിസ്റ്റർ സി. വി. ഇയ്യു: നിവൃത്തിയില്ല. തലപ്പിള്ളി താലൂക്കിലെ മുസ്ലീമങ്ങളാണു് വളരെ പിന്നോക്കം നില്ക്കുന്നതു്. ബഹുമാനപ്പെട്ട കണയന്നൂർ ഈഴവ മെമ്പർ പറയുകയുണ്ടായി, ചെറുതുരുത്തി നിയോജകമണ്ഡലത്തിൽ സവർണ്ണജാതിക്കാരനല്ലാത്ത ഒരാൾ സ്ഥാനാർത്ഥിത്വം പ്രഖ്യാപനം ചെയ്യാൻ ധൈര്യപ്പെടുകയില്ലെന്നു്. എന്നാൽ അതു ശരിയല്ല. ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിനുതന്നെ ഒരു അവർണ്ണഹിന്ദുനിന്നിരുന്നു. സവർണ്ണക്കു ഭൂരിപക്ഷമുള്ള ഒരു നിയോജകമണ്ഡലമാണു് അതു്. അദ്ദേഹം തോറ്റിട്ടുള്ളതു് മുപ്പതു് വോട്ടിന്റെ വ്യത്യാസംകൊണ്ടു മാത്രവുമാണു്.

ഞാൻ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നതോടുകൂടിതന്നെ ഇതു് സെലക്ടു് കമ്മറിക്കു് അയക്കുന്നപക്ഷം ഞാൻ വിവക്ഷിച്ചിട്ടുള്ള ചില ഭേദഗതികൾ ചെയ്യണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, സമുദായപ്രാതിനിധ്യതത്വത്തെ നമ്മളുടെ ശവമ്മെണ്ടു് ആത്മാർത്ഥമായി വിശ്വസിക്കുന്ന എന്നും രാഷ്ട്രീയപ്രവർത്തകൻ എന്ന നിലയിലും ഭരണാധികാരി എന്ന നിലയിലും തനിക്കുണ്ടായിട്ടുള്ള പരിചയംകൊണ്ടു് തന്റെ ആ വിശ്വാസത്തിനു മാറ്റം കൂടിവരികയാണെന്നും മറന്നു കഴിഞ്ഞ ബഡ്ജറ്റു യോഗത്തിൽ ദിവാൻജി അവർകൾ ചെയ്ത പ്രസംഗത്തെ ആസ്പദിച്ചും ആ സമുദായനീതി പ്രായോഗികമായി നടപ്പിൽ വരുത്തുവാൻ പയ്യാപ്പമായവിധത്തിലും ആ തത്വത്തിന്മേൽ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനു ഇത്ര വലിയ എതിർപ്പുണ്ടാകുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മുസ്ലീം മെമ്പർ അവതരിപ്പിച്ച ഈ ബില്ലിനെപ്പറ്റിയുണ്ടായ സംസാരത്തിൽ അധികഭാഗവും ഈഴവരെക്കുറിച്ചായിരുന്നു. എന്താണിതിനു കാരണമെന്നാലോചിച്ചപ്പോൾ ഒന്നും കണ്ടില്ല. ബില്ലിനെ ശക്തിയായി എതിർത്ത എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട തോട്ടം മെമ്പറവർകൾ പറഞ്ഞിട്ടുള്ളതു ഈഴവരിൽനിന്നു ഒരു ഉദ്യോഗസ്ഥനുണ്ടായാൽ സമുദായത്തിനു എന്തു രക്ഷയുണ്ടാകുക എന്നാണു്. അതിനു ഒരു വഴിയുമില്ലെന്നു പറഞ്ഞുകൊണ്ടാണു് എതിർപ്രസംഗിച്ചതു്. സമുദായപ്രാതിനിധ്യവാദത്തിനു എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട തോട്ടം മെമ്പർ ഇത്ര ശക്തിയായി എതിർത്തതിന്റെ ന്യായം

LIBRARY ARCHIVES Kerala Legislative Assembly

എല്ലാപേക്ഷം വെളിപ്പെട്ടകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക അതിനിയും ചവ്വിത ചവ്വണത്തിനു ഒരുങ്ങുന്നില്ലെങ്കിലും അല്പം ചിലതു പൂണ്ടിക്കാണിക്കാതിരിക്കുന്നതു് ആശാസ്യമല്ല. ഒരുപക്ഷെ കൂകക്കൻ മുന്തിരിങ്ങാപ്പുഴത്തിനു ചാടീട്ടു കിട്ടാതെവന്നപ്പോൾ ഛീ, പുളിക്കും എന്നും മറ്റും പറഞ്ഞതായി ഒരു പുസ്തകത്തിൽ വായിച്ചിട്ടുള്ളതുപോലെ, കൊച്ചീക്കാരനായ എന്റെ സ്നേഹിതൻ തിരുവിതാംകൂറുകാരനാണെന്നു പറഞ്ഞു ഉദ്യോഗത്തിനു ശ്രമിച്ചിട്ടുണ്ടു്.

Deputy President : Order, order. It is personal reference.

മിസ്റ്റർ വി. ജെ. മത്തായി : ഈ പറയുന്നതു കളവാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തിരുവിതാംകൂറിൽ ഉദ്യോഗത്തിനു ശ്രമിച്ചിട്ടും.....

Deputy President : You are repeating what you said. It is a personal reflection.

Mr. K. S. Panicker *(Ezhuvas-Mukundapuram)*: In the beginning I said the name. Now it is not personal.

Deputy President : It is personal. You can't refer to it again.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഉദ്യോഗത്തിനു ശ്രമിച്ചിട്ടു കിട്ടാഞ്ഞിട്ടൊ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പുറംതള്ളാനിടവന്നിട്ടുള്ള നിരാശകൊണ്ടൊ, അല്ലെങ്കിൽ അമിതപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായത്തിനു ഈ ബിൽ മൂലം, കിട്ടാവുന്നതിൽ കൂടുതൽ ഉദ്യോഗങ്ങൾ ഇപ്പോൾ കിട്ടിട്ടുള്ളതുകൊണ്ടു ഇനി കിട്ടുകയില്ലല്ലോ എന്നുള്ള ആശങ്കകൊണ്ടൊ ആയിരിക്കാം എന്റെ സ്നേഹിതൻ തോട്ടക്കാരുടെ മെമ്പർ ഇതിനെ എതുത്തിട്ടുള്ളതെന്നാണു് എനിക്കു തോന്നുന്നതു്

മിസ്റ്റർ വി. ജെ. മത്തായി : ഇതു യാതൊന്നുംകൊണ്ടല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തിരുവിതാംകൂറുകാരുടെ കയ്യേറ്റം കൊണ്ടു കൊച്ചിയിലെ ജനങ്ങൾക്കു ശരിയായ പ്രാതിനിദ്ധ്യം കിട്ടുന്നില്ലെന്ന ഒരു വാദമുണ്ടെങ്കിൽ, ആ വാദത്തോടുകൂടി ഞാനും പറയുന്നു അമിതപ്രാതിനിദ്ധ്യമുള്ള സമുദായങ്ങളുടെ ഉദ്യോഗക്കയ്യേറ്റംകൊണ്ടാണു ഞങ്ങൾ സമുദായ പ്രാതിനിദ്ധ്യത്തിനു വേണ്ടി വാദിക്കേണ്ടിവന്നതു്. ഈഴവകാൺസ്റ്റിറ്റ്യൂവൻസിൽനിന്നു വന്നിരിക്കുന്നവർ ഈഴവരുടെ കാര്യം മാത്രമെ പറയാൻ പാടുള്ളുവെന്നു് എന്റെ സ്നേഹിതൻ പറഞ്ഞുകേട്ടു. ഈ നിയമസഭയിൽ ഇതുവരെ വന്നിട്ടുള്ള പരിഷ്കൃതോൻമുഖങ്ങളായ, നവീനമായ ആശയങ്ങളോടുകൂടിയ —ഉൽപതിഷ്ണുതാത്തോടുകൂടിയ—പ്രമേയങ്ങൾ ഈഴവരെ പ്രതിനിധീകരിച്ചു ഇവിടെ വന്നിട്ടുള്ള മിസ്റ്റർ അയ്യപ്പനിൽനിന്നാണെന്നു ഈ നിയമസഭയ്ക്കും എന്റെ സ്നേഹിതൻ മിസ്റ്റർ മത്തായിക്കും ഒരിക്കലും വിസ്മരിക്കാവുന്നതല്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നമ്മൾക്കു കിട്ടിയെന്നു പറയുന്ന ഉത്തരവാദിത്വഭരണത്തിനു വേണ്ടി ഒരു കാലത്തു ഒരു പ്രമേയം പാസ്സാക്കിട്ടുള്ളതു മിസ്റ്റർ അയ്യപ്പൻ കൊണ്ടുവന്നതായിരുന്നു. അന്നത്തെ മിസ്റ്റർ അയ്യപ്പന്റെ ഉജ്വലമായ പ്രസംഗം കേട്ടിരുന്നെങ്കിൽ മിസ്റ്റർ മത്തായി ഇന്നു ഈ അഭിപ്രായം പറയാനിടവരികയില്ലായിരുന്നു. ഉദ്യോഗത്തിനു അർ

LIBRARY ARCHIVES Kerala Legislative Assembly

കം പുറപ്പെടുന്നതു അവർക്കു കഴിച്ചിലിനു വകയില്ലാഞ്ഞിട്ടാണെന്നാണു ഞാൻ വിശ്വസിക്കുന്നതു. അതുകൊണ്ടാണു അഭ്യസ്തവിദ്യരായ ആളുകൾ ഗവർമ്മെണ്ടിനെ സമീപിക്കുന്നതു. എന്റെ സ്നേഹിതൻ തിരുവിതാംകൂറിൽ ഉദ്യോഗത്തിനു പോയതു "രൂപയില്ലാഞ്ഞിട്ടാണു" നാങ്കൾ രൂപ തന്നിരുന്നുവെങ്കിൽ പോകയില്ലായിരുന്നു"വെന്നു പറഞ്ഞിട്ടുണ്ടു. അതുപോലെ കഴിച്ചിലിനു നിവൃത്തിയുണ്ടായിരുന്നെങ്കിൽ ഈ ആളുകൾ ഉദ്യോഗത്തിനു പോകയില്ലായിരുന്നു. ഉദ്യോഗത്തിനു പോകുന്നതും തോട്ടമുണ്ടാക്കാൻ പോകുന്നതുമൊക്കെ പണമുണ്ടാക്കണമെന്ന ഉദ്ദേശത്തിലാണു. മിസ്റ്റർ ഇബ്രാഹിമിന്റെ ബിൽ ഗവർമ്മെണ്ടായ ശിശുവോടുകൂടിയ ഒരു സ്ത്രീക്കു തുല്യമാണെന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഈ സംഗതിക്കു, ഞങ്ങളുടെ അറിവിൽ പെട്ടിടത്തോളം ഞങ്ങൾ അതിനു ഉത്തരവാദികളല്ല. ഇതിനെ സംബന്ധിച്ചു അഭിപ്രായം മെഡിക്കൽ ആഫീസറിൽനിന്നാണുണ്ടാകേണ്ടതു. അഥവാ അങ്ങിനെ ആണെങ്കിൽതന്നെ അതിന്റെ പിതൃത്വത്തിനും ഞങ്ങൾ അവകാശികളല്ല.

പിന്നെ ഇവിടെ എഫിഷ്യൻസിവാദമാണു കേട്ടതു. ഈ എഫിഷൻസി എന്നു പറയുന്നതു ഒരു സമുദായത്തിന്റെ കുത്തകയാണെന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു വലിയ ഹിമാലയമണ്ടത്തരം മറ്റൊന്നുമില്ല. ഈ ബിൽകൊണ്ടാകട്ടെ, ഇതിനു മുമ്പു സമുദായപ്രാതിനിദ്ധ്യത്തെ കുറിച്ചു ഈ നിയമസഭയിൽ നിന്നുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾകൊണ്ടാകട്ടെ അനർഹന്മാരായവരെ ഉദ്യോഗങ്ങളിൽ നിയമിക്കണമെന്നു പറഞ്ഞിട്ടില്ല. പ്രാപ്തിയുള്ളവരുണ്ടെങ്കിൽ അവർക്കു കൊടുക്കണമെന്നേ പറയുന്നുള്ളൂ.

കമ്മ്യൂണലിസത്തെ ചിലർക്കു എതുക്കേണ്ടിവരും. ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പരുടെ വാദത്തെ കുറിച്ചാണു ഞാൻ പറയുന്നതു. അദ്ദേഹം സമുദായപ്രാതിനിദ്ധ്യവാദത്തെ എതുക്കുന്നതിൽ തെറ്റില്ല. അദ്ദേഹത്തിന്റെ സമുദായം അദ്ദേഹത്തെ തിരെ വിസ്മരിച്ചുകളഞ്ഞിട്ടുള്ളതുകൊണ്ടു് സമുദായത്തോടുണ്ടായിട്ടുള്ള വൈരുപ്യംകൊണ്ടാണു് അങ്ങിനെ പറഞ്ഞതു്.

മിസ്റ്റർ എ. ബി. സേലം : എനിക്കു സമുദായത്തോടു യാതൊരു വൈരുപ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതു തിരഞ്ഞെടുപ്പിൽനിന്നുണ്ടായ അനുഭവത്തിൽനിന്നുതന്നെ മനസ്സിലാക്കാം.

മിസ്റ്റർ എ. ബി. സേലം : ഞാൻ രണ്ടു തവണ തിരഞ്ഞെടുപ്പിനു നിന്നു. ഞാൻ രണ്ടു തവണ ജയിക്കയും ചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഒരു സമുദായത്തിൽനിന്നു ഒരു ഉദ്യോഗസ്ഥനുണ്ടായാൽ അതു ആ സമുദായത്തിനു അഭിവൃദ്ധികരമാണു്. അതു് അവസ്ഥന്മാക്കൊക്കെ അറിയാവുന്നതാണു്. ഈ ബില്ലിൽ അപ്രായോഗികമായി എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ അതിനെ പരിഹരിക്കുന്നതിനു ശ്രമിക്കാതെ സ്വാർത്ഥത്തിനു വേണ്ടി ബില്ലിന്റെ മൂലതത്വത്തെ എതുക്കുന്നതു ശരിക്കും സ്വീകാര്യമായ ഒരു നയമല്ല. ഈ ബില്ലിൽ പല ന്യൂനതകളുമുണ്ടാകാം. ഒരാളുടെ ഹൃദയത്തിൽനിന്നോ, ഒരു പേനയിൽനിന്നോ പുറപ്പെട്ടിട്ടുള്ള ഇതിൽ ന്യൂനതകളുണ്ടെങ്കിൽ അതൊരു സെലക്ട് കമ്മിറ്റിയിൽ ഏല്പിച്ചു പരിഹരിക്കാവുന്നതാണു്. പരിഹരിക്കാൻ കഴിയുന്ന ന്യൂനതകളാണെങ്കിൽ അതിനു ശ്രമിക്കാതെ ബില്ലിനെ പാടെ തള്ളിക്കളയണമെന്നുള്ള അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സിച്ചുമാറ്റാൻ വിഷമമാണെന്നു കാണുന്ന രോഗിയെ കൊന്നുകളയണമെന്നു പറയുന്ന ഡോക്ടരോടു തുല്യമാണു്. ഭ്രാന്താശുപത്രിയിലെ കഷ്ടതയെക്കുറിച്ചു ഈ നിയമസഭയിൽ വാദപ്രതിവാദമുണ്ടായ ശേഷം ഒരിക്കൽ ഭ്രാന്താശുപത്രിയിൽ ഞാനും ഡോക്ടരും കൂടി ചെന്നപ്പോൾ ഒരു ഭ്രാന്തൻ ഞങ്ങളെ കണ്ടു പറയുകയുണ്ടായി "ഇതാ രണ്ടു ഭ്രാന്തന്മാർ വരുന്നുവെന്നു്".

മിസ്റ്റർ വി. ജെ. മത്തായി : അവിടെ സമുദായപ്രാതിനിധ്യമുണ്ടോ ?

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഏതായാലും ജോക്കുബയറാകും ഇല്ല. ആ കാര്യത്തിൽ മിസ്റ്റർ മത്തായി ചൃസനിക്കേണ്ട. അപ്പോൾ ഭ്രാന്തന്മാർ ആരാണെന്നാണാലോചിക്കേണ്ടതു്. അവർ പറയുന്ന ഭ്രാന്തന്മാർ ഞങ്ങളാണെന്നു്. ഏതായാലും അങ്ങിനെയുള്ളവർ ആരെങ്കിലുമുണ്ടെങ്കിൽ അവരെ ഉഴുൻപാറ്റയ്ക്കയക്കേണ്ടതാണെന്നല്ലാതെ ഈ ബില്ലിനെ തള്ളിക്കളയാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സർ, കൊച്ചീരാജ്യത്തെ ഉദ്യോഗനിയമനങ്ങളിൽ എന്തെങ്കിലും അനീതി പ്രവൃത്തിച്ചിട്ടുണ്ടോ എന്നാണു് നാം ആദ്യമായി നോക്കേണ്ടതു്. അങ്ങിനെയുണ്ടെന്നു തെളിയുന്നപക്ഷമേ ഇങ്ങിനെ പ്രത്യേകിച്ചു് ഒരു ബിൽ കൊണ്ടുവരേണ്ട ആവശ്യമുള്ളൂ. ആദ്യകാലങ്ങളിൽ ബ്രാഹ്മണക്കു് വളരെയധികം ഉദ്യോഗങ്ങൾ കിട്ടീട്ടുണ്ടു്. അതിനുശേഷം നായന്മാക്കും ഉദ്യോഗങ്ങൾ കിട്ടി എന്നു പറയുന്നുണ്ടു്. ആദ്യകാലത്തു് പഠിപ്പും പ്രാപ്തിയും അധികം ഉണ്ടായിരുന്നതു് ബ്രാഹ്മണക്കാണെന്നുള്ളതു് എല്ലാവക്കുമറിയാം. ആ കാലത്താണു് കൂടെ ബ്രാഹ്മണരെ അധികമായി വെച്ചിട്ടുള്ളതു്. നായന്മാരിലും പഠിപ്പുള്ളവർ ഉണ്ടായപ്പോൾ അവക്കും ധാരാളമായി ഉദ്യോഗങ്ങൾ കൊടുത്തുവന്നു. അതിനുശേഷം ക്രസ്ത്യാനികളിലും പഠിപ്പുള്ളവർ ഉണ്ടായിത്തുടങ്ങിയപ്പോൾ അവക്കും ഉദ്യോഗങ്ങൾ കുറേശ്ശെ കുറേശ്ശെയായി കിട്ടിത്തുടങ്ങി. ഒരു സമയം അവരുടെ സമുദായത്തിനു് ഉദ്യോഗം കിട്ടാതെവന്നാലോ എന്നു വിചാരിച്ചു് ഹൈക്കോടതിയിലും ഒരു ക്രസ്ത്യൻ വേണമെന്നുള്ള നിയമം ഗവൺമെൻറു പാസാക്കീട്ടുണ്ടു്. ഇപ്പഴവരിൽ വലിയ പഠിപ്പുള്ളവർ ഇല്ലെങ്കിലും അവരിൽ ബി. എ. പാസായിട്ടുള്ള ആളെ ജഡ്ജിയായിട്ടും നിയമിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ജഡ്ജിയായിട്ടുതന്നെ ആദ്യം നിയമിച്ചുവോ ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: നിയമം പഠിച്ച ആളുകൾ അവരുടെയിടയിൽ ഇല്ലാത്തതുകൊണ്ടു് ന്യൂനപക്ഷക്കാരാകയാൽ ബി. എ. പാസ്സായ ഒരാളെ ജഡ്ജിയായിട്ടു നിയമിക്കുകയുണ്ടായി. നിയമം പഠിച്ചവർ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ അവരെ അന്നു നിശ്ചയമായിട്ടും എടുക്കയും ചെയ്യും. ഫാ കൊല്ലത്തിലധികം സ്റ്റാൻറിങ്ങുള്ള ഒരു വക്കീൽ അവരുടെയിടയിൽ അന്നില്ലായിരുന്നു. അതുകൊണ്ടാണു് മിസ്റ്റർ ശങ്കരമേനോനെ വക്കീലായി പോയതു് എന്നു മിസ്റ്റർ അയ്യപ്പൻ പറയുവാനുള്ള കാരണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: പത്തുകൊല്ലത്തിലധികം സ്റ്റാൻറിങ്ങുള്ള ഒരു വക്കീൽ വേണോ കേസു് നടത്തുവാൻ ?

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: യോഗ്യതയുള്ളവരും പേരുകേട്ടവരുമായ ആളുകളുടെ അടുക്കലല്ലേ ആളുകൾ പോകുകയുള്ളൂ. ഗവൺമെൻറ് ഏവിടെയെല്ലാം തിരയുന്നോ അവിടെയെല്ലാം അവരെ ഉദ്യോഗത്തിൽ നിയമിക്കുന്നുണ്ട്. അതുകൊണ്ട് ഇങ്ങിനെയുള്ള ഒരു ആക്ഷേപത്തിനു കാരണമുണ്ടോ എന്നാണ് എൻറെ സംശയം.

പിന്നെ ഇങ്ങിനെ ഒരു ബിൽ കൊണ്ടുവരുവാനുള്ള യാതൊരു കാരണവും ഞാൻ കാണുന്നില്ല. ഈ ബില്ലിൽ നായർ പട്ടാളത്തെ ഒഴിവാക്കി കാണുന്നുണ്ട്. അതിനു പ്രത്യേകിച്ചു കാരണമുണ്ട്. ഒരു കുട്ടിപ്പട്ടരെ വെക്കണമെന്നുണ്ടെങ്കിൽ ഈഴവനെ വെക്കുവാൻ തരമുണ്ടോ? അതിനു പട്ടരുതന്നെ വേണം. (ചിരി). അതുകൊണ്ട് നായർ പട്ടാളത്തെ ഈ ബില്ലിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

മിസ്റ്റർ ഇയ്യു തലപ്പിള്ളി താലൂക്കിലുള്ളവരെ മാത്രമേ ഉദ്യോഗത്തിൽ വെക്കുവാൻ പാടുള്ളൂ. ബാക്കിയുള്ളവർ ഉദ്യോഗത്തിൽ ധാരാളമുണ്ടെന്നു പറയുകയുണ്ടായി. ടഷാറി ബഞ്ചിൽ നോക്കിയാൽ മുകുന്ദപുരം താലൂക്കിൽ നിന്നും ഒരാൾ മാത്രമേ ഇന്ന് ഉദ്യോഗത്തിൽ ഇരിക്കുന്നതായി കാണുന്നുള്ളൂ. പക്ഷെ അദ്ദേഹം അടുത്തുതന്നെ ഉദ്യോഗത്തിൽ നിന്നു പിരിയുകയും ചെയ്യും.

മിസ്റ്റർ ടി. കെ. നായർ: കണയന്നൂർ താലൂക്കിൽ പെട്ടവരുണ്ടോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: മിസ്റ്റർ ഇയ്യുവിനെപ്പോലെയുള്ള ഒരു ആക്ഷേപം എനിക്കും ഉണ്ട്. എൻറെ ജാതിക്കാരിൽ ഒരാളും ഇന്നു ടഷാറി ബഞ്ചിൽ കാണുന്നില്ല. അതുകൊണ്ട് മുകുന്ദപുരം താലൂക്കിൽ, പ്രത്യേകിച്ചും നെല്ലായി നിയോജകമണ്ഡലത്തിൽ, അതിലും പ്രത്യേകിച്ച് തൃക്കൂരിൽ നിന്നും ഉദ്യോഗത്തിൽ ആളുകളെ വെക്കുന്നതുയാൽ എനിക്കു വളരെ സന്തോഷമുണ്ട്".

മിസ്റ്റർ ഇസ്മായിൽഹാജി ഈസാ സേട്ട്: പ്രസിഡൻറ്, സർ, കൊടുങ്ങല്ലൂർ മെമ്പർ ഇവിടെഅവതരിപ്പിച്ചിട്ടുള്ള ബില്ലിൻറെ ആദ്യങ്ങളോടു ഞാൻ യോജിക്കുന്നു. പക്ഷെ നമ്മുടെ സ്റ്റേറ്റിൻറെ ഇപ്പോഴത്തെ സ്ഥിതി ആലോചിച്ചു നോക്കിയാൽ ഇങ്ങിനെ ഒരു ബിൽ ഇവിടെ നിയമമാക്കി ഉദ്യോഗനിയമനങ്ങൾ നടത്തേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

മിസ്റ്റർ വി. ജെ. മത്തായി: കൊച്ചിൻ കോൺഗ്രസ് പാർട്ടിയുടെ അഭിപ്രായമാണോ പറയുന്നത്?

മിസ്റ്റർ ഇസ്മായിൽഹാജി ഈസാ സേട്ട്: ഞാൻ എൻറെ സ്വയാഭിപ്രായമാണു പറയുന്നത്. സമുദായപ്രാതിനിദ്ധ്യം എന്നുള്ളതു ഇപ്പോൾ എല്ലാവരും വാദിക്കുന്നതും എത്രയോ അത്യാവശ്യമായിട്ടുള്ളതുമാണ്. (ഹീയർ, ഹീയർ). അതായതു അവരവരുടെ സമുദായത്തെയാണ് അവരവർ ആദ്യമായി ചിന്തിക്കുക. പിന്നീടാണ് മറ്റുള്ളവരുടെ സമുദായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതു. ഉദ്യോഗനിയമനങ്ങൾ നടത്തുന്നതിൽ ഇപ്പോൾ ഗവൺമെൻറ് ചെയ്യുവരുന്നതും മുമ്പു ചെയ്തിട്ടുള്ളതുമായ സംഗതികളെക്കുറിച്ചാണ് എനിക്കു പറയുവാനുള്ളതു:

എല്ലാ സമുദായക്കാരും വിദ്യാഭ്യാസം ചെയ്യുവരുന്നതു് അവരവർക്ക് എന്തെങ്കിലും കാലക്ഷേപത്തിനു മാർഗ്ഗമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. സ്വന്തം തൊഴിൽകൊണ്ടു ജീവിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവർ വളരെ

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കംപേരെ കാണാകയുള്ളൂ. പഠിക്കുവാൻ പോകുന്ന കുട്ടർ അധികവും ഉദ്യോഗങ്ങൾക്കാണു് വാത്സല്യം കാണിക്കുന്നതു്. അതുകൊണ്ടു് ഗവൺമെൻറു് കഴിയുന്നതും ഈ തത്വശാസ്ത്രമനുസരിച്ചു് ഉദ്യോഗനിയമനങ്ങൾ നടത്തുന്നതായാൽ അതു് ഏറ്റവും നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇപ്പോൾ ഈഴവ സമുദായത്തിൽ നിന്നോ മുസ്ലീം സമുദായത്തിൽ നിന്നോ ക്രസ്ത്യൻ സമുദായത്തിൽ നിന്നോ ഉദ്യോഗത്തിൽ ആളുകളെ വെച്ചിട്ടില്ലെന്നുള്ള വാദമല്ല ഇവിടെയുള്ളതു്. ഏതു സമുദായക്കാരായാലും അവരുടെ എബിലിറ്റി നോക്കി, പ്രത്യേകിച്ചും ന്യൂനപക്ഷ സമുദായങ്ങളുടെ കാര്യത്തിൽ ദൃഷ്ടിവെച്ചു് ഉദ്യോഗനിയമനങ്ങൾ നടത്തണമെന്നാണു് എനിക്കു ഗവൺമെൻറിനോടു പറയുവാനുള്ളതു്. (ഹീയർ, ഹീയർ). ഇപ്പോൾ മുസ്ലീം സമുദായം വിദ്യാഭ്യാസ വിഷയത്തിൽ ഏറ്റവും പിന്നണിയിൽ നില്ക്കുന്ന ഒന്നാണു്. അങ്ങിനെയുള്ളവരിൽ നിന്നും വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർ വരുമ്പോൾ ഗവൺമെൻറു് അവർക്കു് കാച്ചു് എൻകറേജ്മെൻറു് കൊടുക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. (ഹീയർ, ഹീയർ). ഇപ്പോൾ ഒരു വെറിയ സംഗതിയെ സംബന്ധിച്ചു് പറയുകയാണെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ മുസ്ലീം സമുദായത്തിൽപെട്ട ബി. എ. ബിരുദ സമ്പാദിച്ചിട്ടുള്ള ഒരാളെ റജിസ്ട്രാരായിട്ടു നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാര്യത്തെപ്പറ്റി ഞങ്ങൾക്കു വളരെ ശങ്കിപ്പാനും ഏതുക്കുവാൻ അവകാശമുണ്ടു്. എന്നിട്ടും ഇതുവരെ ഗവൺമെൻറു് അതിനെക്കുറിച്ചു് ചിന്തിച്ചിട്ടില്ല. ഞങ്ങളുടെ സമുദായത്തിൽ ഇനിയും വിദ്യാഭ്യാസം സിദ്ധിച്ചവർ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. അവരെ ഗവൺമെൻറു് എൻകറേജ് ചെയ്യുന്നില്ലെങ്കിൽ അവരുടെയിടയിൽ വിദ്യാഭ്യാസം തന്നെ തീരെ മാഞ്ഞുപോകുമെന്നാണു് എൻെറ അഭിപ്രായം. ഈ സംഗതിക്കു് ബില്ലു വഴിയായി ഒരു നിയമം നടപ്പിലാക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഞാൻ ഈ ബില്ലിൻെറ തത്വത്തോടു യോജിക്കുകയും, ഈ വക കാര്യങ്ങളിൽ ഗവൺമെൻറു് ആലോചിച്ചു പ്രവൃത്തിക്കണമെന്നപേക്ഷിക്കുകയും ചെയ്തുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

*__Mr. P. Govinda Menon__ *(Mulakunnathukavu)*: Mr. President, Sir, My party and myself stand for communal justice. We agree with the statement of objects and reasons of the Bill that in the appointment to the State services, the rule of communal justice should be observed. I am extremely thankful to the mover of the Bill as also to the supporters of the Bill, in supporting the Bill with due dignity and in observing the rules of decorum in debate. I also congratulate the hon'ble members who opposed the Bill on high grounds of idealism and, in doing so, I am sure they have not questioned either the principle of communal justice or the motives of those who supported the Bill. It is one thing to say that communal justice should be observed in appointment in State services, and it is another thing to support this Bill giving statutory basis to that principle. Even in the Indian Civil Service, there are rules controlling the Government under which certain proportion of the recruitment to the

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Indian Civil Service should go to the Muslims and certain other proportion to non-Muslims. I am not aware whether this rule has been placed on a statutory basis, the reason being that these are not matters which can be placed under rigid statutory control. I am sure the Hon'ble Mover of the Bill himself knows that it is not practicable to translate the provisions of this Bill into action, if it is passed into law.

Mr. K. M. Ibrahim *(Cranganur):* What is the trouble?

Mr. P. Govinda Menon *(Mulakunnathukavu):* I will explain presently.

Mr. Ayyappan himself, a staunch supporter of the principle underlying the Bill doubted the practical nature of the provisions of the Bill. First of all, the rules governing the Staff Selection Board are rules framed by the Government and there is no reason why the Government should not change the rules when conditions which necessitated the promulgation of those rules have disappeared. A Bill which refers to communal representation without incorporating the ratio itself in it is defective from the standpoint of communal justice. I am sure the Hon'ble mover will agree with me. I have heard legislation passed by legislative bodies under which Government is given powers to frame rules not repugnant to the provisions of the legislation. I have not come across any legislation which refers to the rules already framed by the Government. For one thing, the rule itself is the result of the executive fiat of the Government. Secondly, let us take one example, under the rules now framed by Government, when every 52 appointments are made, one cycle is complete. 4 per cent, 16 per cent, &c., of each community will get this quota when 52 appointments are made. I put it to this House, in what period of time you can expect, to have 52 appointments in the State Service, over a salary of Rs. 100. It is impossible. It may be in a certain year, no appointment itself will be made to a post carrying over Rs. 100. It may be in a year, 2 or 3 appointments alone may be made. Therefore, the cycle will not be complete, unless a long course of years, perhaps 20 or 25 years, or even 50 years is passed. It is impossible to work the statutory rule. The cycle will be complete only when 52 appointments are made. I do not know how many appointments are there in the State carrying a salary of Rs. 100 and above, excluding the Education Department. I am sure it will not be a very large number. In the Education Department itself, now-a-days, no appointment is made to posts carrying more than Rs. 35. When an initial appointment is made, it is to the L3 or the P3 grade, carrying Rs. 35—40 and Rs. 17. Those appointments themselves are now made by the Staff Selection Board and are regulated by the rules framed for its guidance. No direct appointment is made to the L1, U1

LIBRARY ARCHIVES Kerala Legislative Assembly

or to the higher grade. So far as that department is concerned, recruitment is by the Staff Selection Board. With reference to other appointments, it will take a large number of years before the cycle is complete.

Mr. K. M. Ibrahim *(Cranganur):* Does, after all, the number count?

Mr. P. Govinda Menon *(Mulakunnathukavu):* Yes. It does. I can show you that it will count. Suppose the first appointment goes to the Muslim community. Then there will be a certain ratio. Then everything will depend upon the first appointment. Other communities will have to wait for years and years before an appointment is made to the grade of Rs. 100.

Mr. K. M. Ibrahim *(Cranganur):* Naturally, for one appointment, you cannot satisfy all. That happens even now.

Mr. P. Govinda Menon *(Mulakunnathukavu):* The cycle will not be completed before a large number of years elapse. But in the case of appointments carrying below Rs. 100, on account of the large number of appointments, this rule will work more satisfactorily. In the other case it will not. This is my contention.

Therefore, this is not a matter as pointed out by Mr. Ayyaypan and the Hon'ble Member for Mattancheri Muslims, which should be governed by rigid rules laid down by Statute. This is a matter to be left to the Government policy, and I am sure, as pointed out by the Hon'ble Mover himself, Government has accepted the policy of communal justice and this House has consistently supported that policy. Therefore, without in any way questioning the wisdom of that policy, I do question the wisdom underlying this legislation. For that reason, I feel constrained to oppose this legislation.

Mr. T. V. Subramania Ayyar *(Nemmara):* Mr. President, Sir, it is indeed a pleasure to me that the first occasion on which I have to participate in the debate as the representative of the Progressive Party which we have now formed, should be on a subject about which there is great unanimity of opinion in this House as elsewhere. As was repeated by several hon'ble members who preceded me in this discussion, I too am in full sympathy with the claims and aspirations of any community which feels that it has not been till now properly represented in the services of the State. But in thinking of the remedy for this defect, the question to be considered is, what is the practical way in which this grievance can be relieved. Whether a piece of legislation will do the work is the question. I am not aware of any country in the world, and I speak subject to correction, where there is a legislative enactment wherein

LIBRARY ARCHIVES Kerala Legislative Assembly

it is specifically mentioned that appointments should be made in certain proportions representing different communities. In several matters, legislation cannot go more than a certain extent. There are cases in which policies are shaped by the executive government in accordance with the wishes of the people over whom they rule. In all such matters, as was mentioned by the Hon'ble Member for Mulakunnathukavu, the executive authority at the time takes account of the popular opinion on the subject and models itself in order to suit the environments and passes executive orders in keeping them with public opinion, so that communal justice shall be duly vouchsafed to all the communities inhabiting the State. That is the best policy and that is the best method by which any such difficulty can be remedied, and any piece of legislation which attempts to do it will be subject to all the absurdities which were so ably pointed out by my friend, the Member for Mulakunnathukavu. So that, even if this House in its enthusiasm and anxiety to do communal justice to all communities in the State passes such a measure, it will not be practicable and there is a likelihood of other people laughing at us, thinking that it is a mistaken remedy, and what ought to have been achieved by the policy of the Government was attempted to be achieved by a legislative measure which is found nowhere in any other country. I again repeat, we, as a party, stand for communal justice. We are entirely in sympathy with the principle underlying the Bill.

Mr. V. J. Mathai *(Planters):* May I point out that you are contradicting your own statement?

Mr. T. V. Subramania Ayyar *(Nemmara):* I think there is a limit to which interruptions can be allowed.

Mr. P. Govinda Menon *(Mulakunnathukavu):* You may have a bundle of contradictions.

Mr. T. V. Subramania Ayyar *(Nemmara):* But let me proceed now. I am sorry you have broken the thread of my argument. While sympathising with the principle underlying the Bill, my only request to the mover is, if necessary, he can table a resolution that the policy of the Government ought to be such and such and also that the policy may be laid down in accordance with the principle underlying the Bill to regulate the appointment as is now done by the Staff Selection Board. The present attempt is not a proper remedy. Therefore, I hope the Hon'ble Mover will consider the question of withdrawing the Bill. So far as this Bill is concerned, this is the position of my party and none of us will hereafter be in the discussion.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, സമുദായപ്രാതിനിദ്ധ്യവാദമാണ് ഈ ബില്ലിന്റെ അടിസ്ഥാനമെന്നു് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണു്. എന്നാൽ അതിനു് ഒരു ബില്ലിന്റെ രൂപത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് എത്രമാത്രം ശരിയാണെന്നുള്ള കാര്യത്തെ സംബന്ധിച്ചു് അഭിപ്രായ വ്യത്യാസത്തിനു് ധാരാളം വകയുണ്ടു്. സമുദായ പ്രാതിനിദ്ധ്യവാദം ആദ്യമായി മദിരാശി സംസ്ഥാനത്തിൽ കൊണ്ടുവന്നതുതന്നെ ജസ്റ്റീസു പാർട്ടിയാണെന്നാണു് ഞാൻ ധരിച്ചിട്ടുള്ളതു്. അവർകൂടി അതിനു് ഒരു നിയമസാധുത കൊടുക്കുവാൻ ശ്രമിച്ചില്ലെന്നറിയുമ്പോൾ ഈ ബിൽ ഇവിടെയും കറച്ചു് അസ്ഥാനത്തിലല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവിടെയുംകൂടി ഒരു ഗവർമ്മെൻറുത്തരവുമൂലമല്ലാതെ സമുദായ പ്രാതിനിദ്ധ്യവാദമനുസരിച്ചു് ഉദ്യോഗ നിയമനങ്ങൾ നടത്തീട്ടുള്ളതായി അറിയുന്നില്ല. സമുദായ പ്രാതിനിദ്ധ്യവാദം ഇവിടെ ഇപ്പോൾ ഒരുവിധം അവസാനിച്ചിരിക്കയാണു്. രണ്ടാമത്തെ നിയമ സഭയിലൊ മൂന്നാമത്തെ നിയമ സഭയിലൊ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾ ഈ വിഷയത്തെ സംബന്ധിച്ചു് എത്രയോ കൂടുതലായിരുന്നുവെന്നു പറഞ്ഞു കേട്ടിട്ടുണ്ടു്. ഇപ്പോൾ അതെല്ലാം അവസാനിച്ചിരിക്കയാണു്. അതായതു് അതിന്റെ തത്വം ഈ സഭയിലുള്ള അംഗങ്ങൾ അംഗീകരിച്ചിട്ടുണ്ടെന്നമാത്രമല്ല, ഗവർമ്മെൻറുംകൂടി അംഗീകരിച്ചിട്ടുള്ളതാണു്. അതോടുകൂടിയാണു് ഇവിടെ സ്റ്റാഫ് സിലക്ഷൻ ബോർഡു് എന്നൊരു സ്ഥാപനം ഉണ്ടാക്കീട്ടുള്ളതു്. ആ ബോർഡു് ഇപ്പോൾ നിശ്ചിതങ്ങളായ ചിലനിയമനങ്ങൾ നടത്തിവരുന്നുമുണ്ടു്. അതുകൊണ്ടു് ഈ സംഗതിക്കു് പ്രത്യേകിച്ചു് ഒരു നിയമ വ്യവസ്ഥ കൊണ്ടുവരേണ്ട ആവശ്യമില്ല. ഇപ്പോൾ നൂറു ഉദ്യോഗങ്ങളിൽ കൂടുതൽ ശമ്പളമുള്ള തസ്തികകൾ എത്രയുണ്ടാകുമെന്നു് നിശ്ചയിക്കുന്നതിനുകൂടി നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. പൊതിയതായി ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്ന കാര്യത്തിൽ മാത്രമാണല്ലൊ ഈ ബില്ലിന്റെ വ്യാപ്തി അടങ്ങിയിരിക്കുന്നതു്. നൂറു ഉറുപ്പിക യിൽ കൂടുതൽ ശമ്പളമുള്ള ഒരു ഉദ്യോഗത്തിൽ കയറാം കിട്ടിയവരെ ഈ ബിൽ ബാധിക്കുന്നില്ല. നൂറു ഉറുപ്പികയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ എത്ര ആളുകളെയാണു് നിയമിക്കേണ്ടതു് എന്നു് ഒരു കണക്കു് ഈ ബില്ലുപ്രകാരം എടുക്കാവുന്നതാണു്. നൂറു ഉറുപ്പിക ശമ്പളത്തിൽ എത്ര ഗവർമ്മെൻറുദ്യോഗങ്ങൾ ഉണ്ടെന്നു കണക്കാക്കി അതിന്റെ തോതനുസരിച്ചു് ആളുകളെ വെക്കുക എന്ന ഒരു തീർച്ച ഗവർമ്മെൻറിനു് ഉണ്ടായിരിക്കണം. അങ്ങിനെ ഒരു തീർച്ച ഗവർമ്മെൻറിനു് ഇതുവരെ ചെയ്യുവാൻ സാധിച്ചിട്ടില്ല. നേരെമറിച്ചു് വളരെ താണപടിയിൽനിന്നു നോക്കുകയാണെങ്കിൽതന്നെയും സാധാരണ പ്രമോഷൻ കൊടുക്കുന്നതു് ഇത്ര ശതമാനം എന്നുള്ള ഒരു തീരുമാനംവെക്കാതെ തീർച്ചയായിട്ടും ബിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കയില്ല. അങ്ങിനെയുള്ള ഉദ്യോഗങ്ങൾ വളരെ നിസ്സാരവുമായിരിക്കും. ഈ സ്റ്റാഫ് സിലക്ഷൻ ബോർഡു് ഇവിടെ സ്ഥാപിച്ചിട്ടുള്ള ആലോചനയെയാണു് ഇപ്പോഴും നമ്മുടെ ദിവാൻജിയായിരിക്കുന്നതു്. അദ്ദേഹം ഇതിന്റെ ഗുണത്തെസംബന്ധിച്ചു് നല്ലവണ്ണം മനസ്സിലാക്കീട്ടുള്ളതുമാണു്. അദ്ദേഹം ഏതുദ്ദേശത്തോടുകൂടി സ്റ്റാഫ് സിലക്ഷൻ ബോർഡു് സ്ഥാപിച്ചുവൊ ആ ഉദ്ദേശംതന്നെ വീണ്ടും പരിപാലിക്കുവാൻ ശ്രമിക്കുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല. പഴയകാലത്തു് കാര്യക്ഷമതയും മറ്റു ചുറുപാടുകളും

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയും മാത്രം പറഞ്ഞു് ചില സമുദായങ്ങളെ ഉയർത്തികൊണ്ടുപോകുന്ന സമ്പ്രദായം ഇപ്പോൾ ഇല്ലാതെയായിട്ടുണ്ടു്. എങ്കിലും അതു് തീരെ ഇല്ലാതായിട്ടുണ്ടെന്നു് പറയുവാൻ തരമില്ല. ചില അളുകളോടു് ചില പ്രത്യേകത കാണിക്കുന്നുണ്ടെങ്കിലും അതിന്റെ കാലം ഏതാണ്ടു് അസ്തമിച്ചിട്ടുണ്ടു്. ഈ കാര്യത്തിൽ ഇങ്ങിനെ ഒരു ബില്ലു കൊണ്ടുവന്നതിനു പകരം, ഒരു പ്രമേയം കൊണ്ടുവന്നു് ഗവൺമെൻറിന്റെ ദൃഷ്ടിയിൽപെടുത്തിയിരുന്നുവെങ്കിൽ ആ വിഷയത്തിൽ ഗവൺമെൻറു് കൂടുതലായി എന്തെങ്കിലും പ്രവൃത്തിക്കുമെന്നു് നമുക്കു് ആശിക്കാമായിരുന്നു. എനിക്കു് ഈ തരത്തിൽ ഈ ബില്ലിനെ അനുകൂലിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രസിഡൻറു് സർ, നാം ഉദ്യോഗങ്ങൾക്കു മേലുള്ള ഉദ്യോഗ നിയമനങ്ങൾ ഒരു നിയമംമൂലം നിയന്ത്രിക്കണമെന്നുള്ളതാണു് ഈ ബില്ലിന്റെ ഉദ്ദേശം. ഇതിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ ഇങ്ങിനെ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചു് വാഗ്വാദം നടത്തി അതു് നിയമമാക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളതു് ഗവൺമെൻറിന്റെ വാശ്വാസമാണു് അങ്ങോട്ടു വിട്ടു കൊടുക്കുകയല്ലേ നല്ലതു് എന്നുള്ള സംഗതിയെപ്പറ്റി ഇപ്പോൾ ചിന്താവിഷയമായി തീർന്നിട്ടുണ്ടു്. ഈ കൌൺസിലിന്റെ കഴിഞ്ഞ ഏതാനുംകാലത്തെ ചരിത്രമെടുത്തു പരിശോധിക്കുന്നതായാൽ അക്കാലങ്ങളിൽ ഈ കൌൺസിലിൽ ഇതിലും കൂടുതലായി സമുദായ പ്രാതിനിദ്ധ്യ തത്വമനുസരിച്ചു് നിയമനങ്ങൾ നടത്തണമെന്നുള്ള വാദങ്ങൾ ധാരാളമായി നടന്നിട്ടുണ്ടെന്നു് കാണാവുന്നതാണു്. സമുദായ പ്രാതിനിദ്ധ്യ തത്വത്തെ അടിസ്ഥാനപ്പെടുത്തി ഉദ്യോഗ നിയമനങ്ങൾ നടത്തണമെന്നുള്ള പ്രക്ഷോഭണങ്ങളും അന്നു നാട്ടിന്റെ നാനാഭാഗങ്ങളിലും നടന്നിട്ടുണ്ടു്. ഇപ്പോൾ അതിൽ ൯൫ ശതമാനം പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നു് പ്രവൃത്തി രൂപത്തിൽ നമുക്കു് മനസ്സിലാക്കുവാൻ കഴിഞ്ഞിരിക്കുന്നു. ഇനി ബാക്കിയുള്ളതു് ഏതാണ്ടു് ൫ ശതമാനം മാത്രമാണു്. ശതമാനത്തിന്റെ നമ്പർ ൫ ആണെങ്കിലും സംഖ്യയുടെ വലിപ്പം നോക്കുമ്പോൾ അതു് ഏതാണ്ടു് ൯ ശതമാനത്തോളം വരുമെന്നുള്ളതു് ഞാൻ മറക്കുന്നില്ല. ഈ ബില്ലിന്റെ തത്വത്തോടു് ഗവൺമെൻറു് യോജിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു. ഇതിനുമുമ്പു് ഗവൺമെൻറു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ മുഴുവനുംതന്നെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവന്നിട്ടുള്ളതിനാലും ഈ ബില്ലിന്റെ തത്വത്തെ ഗവൺമെൻറു് അംഗീകരിച്ചിട്ടുള്ളതിനാലും ഈ സംഗതിയെ മുൻനിറുത്തിക്കൊണ്ടു് ഈ ബിൽ മുമ്പോട്ടു കൊണ്ടുപോകേണ്ട ആവശ്യമില്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

Mr. K.P. Kannan Nayar *(Secretary to Government)*: Sir, The Government cannot accept this Bill. So far as the position of the Government is concerned, it has come out from several speeches of the hon'ble members themselves as to what the policy of the Government is with reference to appointments, and it has been repeated several times that communal considerations will always be taken into consideration in making appointments to Government services. It is done in two ways. So far as appointments below Rs. 100 are concerned, there is a mathematical calculation and a proportion is now made where communal considerations prevail first,

LIBRARY ARCHIVES Kerala Legislative Assembly

and efficiency within that community coming in next. Efficiency as between two candidates and between two communities does not come into play. There is a principle fixed. In the matter of making higher appointments to the State, efficiency prevails, but communal injustice, if there is any, will also be taken into consideration without prejudice to this efficiency. That is the principle which has guided the Government till now and which will guide the Government hereafter. Now, if we look at this Bill, and take that principle into consideration, then, it will be clear, that it will be impossible for the Covernment to accept this Bill. If the hon'ble member wants that all appointments in the public services in the State shall be made in accordance with this Bill, it will be the duty of the Government to make appointments in a particular manner on the basis of communal proportion followed by the Staff Selection Board. Hon'ble members know, what is the proportion we have fixed so far as appointments that come within the purview of the Staff Selection Board. The hon'ble member wants by the Bill to generalise all appointments. If this principle is followed, there will be no scope for promotions hereafter.

Mr. K. R. Viswambharan (*Ezhuvas-Talappalli*): Promotions are also appointments.

Mr. K. P. Kannan Nayar (*Secretary to Government*): That is why I said that there will be no scope for promotions for persons placed in the lower grade.

Mr. K. R. Viswambharan (*Ezhuvas-Talappalli*): There is no practical difficulty about that. When one person is promoted, he is appointed in that grade.

Mr. K. P. Kannan Nayar (*Secretary to Government*): If the hon'ble member will hear me, I will try to clear that difficulty. Even with reference to appointments coming under the purview of the Staff Selection Board, it has been pointed out by the Hon'ble Member for Mulakunnathukavu, that generally the Board is concerned with appointments in the lower grade. So far as teachers are concerned, the Board appoints teachers only in the L3 grade on Rs. 35 and in the P3 grade on Rs. 17. All intervening appointments are filled by promotions. So far as these promotions are concerned, the Government are not guided by communal considerations only. It is only in the case of initial recruitment to a particular appointment that this communal ratio is followed; so that, even with reference to appointments generally coming within the purview of the Board, there are very few initial appointments that the Board can make or recommend. Now, it is a matter of common knowledge that in the matter of higher appointments, direct recruitment is very rare and generally when vacancies arise in the grade of Rs. 100—150, the claims of all people acting in the grade

LIBRARY ARCHIVES Kerala Legislative Assembly

of Rs. 80—100 are taken into consideration and the seniormost man is promoted without detriment to efficiency. Supposing a particular candidate whohas to be promoted in the rotation, does not satisfy these conditions he has to suffer. And, when a higher appointment invariably goes by promotion, there will be no scope for any place, so far as this Bill is concerned.

Mr. K. M. Ibrahim *(Cranganur):* Does this Bill say, any particular community should be shut up?

Mr. M. K. Devassy *(Adur):* Are there not communal considerations now taken, when promotions are made?

Mr. K. P. Kannan Nayar *(Secretary to Government):* No. The rules apply only in the case of initial appointment. Promotions can be made by the Heads of Departments themselves. Communal considerations do not apply there.

Mr. M. K. Devassy *(Adur):* May I know whether the Hon'ble Member for Revenue has not stated on the floor of this House that Mr. Raman has been promoted as Tahsildar on the ground of communal consideration?

Mr. K. Achyuta Menon *(Diwan Peishkar):* That promotion is not within my jurisdiction That appointment was made by the Diwan on communal considerations.

Mr. K. P. Kannan Nayar *(Secretary to Government):* That is a special case. Ordinarily, promotions go by senority. That instance only strengthens the position I have taken. I have stated that in making higher appointments, Government have taken into consideration the injustice or inequalities of particular communities. It is only to adjust it, that claims for promotions of so many other persons have been overlooked and particular individuals selected.

Mr. M. K. Devassy *(Adur):* We would request the Government to take communal principle or rotation even in the case of promotions as far as Government can go. But when the Secretary says that it is impossible to take that principle, it is a very difficult position for us.

Mr. K. P. Kannan Nayar *(Secretary to Government):* If the Statute says that all appointments should be made in accordance with a particular principle, then it will be difficult for the Government to accept that principle. What I say is that generally promotion is given by

LIBRARY ARCHIVES Kerala Legislative Assembly

seniority. Government take into consideration the question of communal justice also and overlook the claims of other persons who may be entitled to such posts, belonging to other communities. Therefore, what I submit is, Government is alive to that fact and Government is always giving consideration in making appointments to higher grades. Beyond that, it will be impossible for the Government to lay down a hard and fast rule. Now for one cycle to be completed, you will have 52 or 56 appointments so that the proportion may go to each and every community. Even now the Staff Selection Board feels difficulty in filling up permanent appointments, until a fairly large number is before it. Supposing there are only ten appointments to be made, of which five or six require special qualification, there will be candidates belonging to different communities without such special qualification. Therefore, it will not be possible to give these appointments to some communities and hence we have to overlook the claims of a few of these people. That is always the case when we fill up permanent vacancies also. So far as permanent appointments are concerned, there may be one or two, or at the most, half-a-dozen appointments a year. Afterall, the total number of appointments over Rs. 100 is 180 including the Education and Medical Departments. These two departments together take up about 60 or 70 appointments.

Mr. K. R. Viswambharam *(Ezhuvas-Talappalli):* Are there only 180 posts above Rs. 100 in the whole State?

Mr. K. P. Kannan Nayar *(Secretary to Government):* Yes.

Mr. M. L. Joseph *(Latin Christians-Cranganur):* I calculated and found that there are 206 appointments,

Mr. K. P. Kannan Nayar *(Secretary to Government):* What is the number that generally fall vacant in a year? 5, 4 or 3! Are District Judges, High Court Judges, appointed everyday? In order that you must apply this law in a practical manner, you must have a sufficient number of appointments. So that, it is absolutely impossible to work it out in a practical manner.

Mr. C. V. Iyyu *(Kunnamkulam):* Cannot the Government also take into consideration the case of unrepresented Taluks?

Mr. K. P. Kannan Nayar *(Secretary to Government):* The Government is taking into consideration all these aspects.

Mr. K. M. Ibrahim *(Cranganur):* In view of the enunciation of the Hon'ble Secretary I do not press the Bill.

The motion was, by leave, withdrawn

LIBRARY ARCHIVES Kerala Legislative Assembly